## 15 -ാം കേരള നിയമസഭ

## 1 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 734** **09-06-2021 - ൽ മറുപടിയ്ക്ക്**

## വള്ളിക്കുന്ന് പഞ്ചായത്തിലെ അരിയല്ലൂർ മിനി സ്റ്റേഡിയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ | | **Shri Saji Cherian**<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ വള്ളിക്കുന്ന് പഞ്ചായത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ വള്ളിക്കുന്ന് പഞ്ചായത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. ജി.എഫ്.എൽ.പി. എസ്, അനങ്ങാട്, കായിക ഉപകരണ വിതരണം, 3ലക്ഷം രൂപ, പദ്ധതി പൂർത്തീകരിച്ചു. 2. ജി.യു.പി.എസ്. അരിയല്ലൂർ, കായിക ഉപകരണ വിതരണം, 3ലക്ഷം രൂപ, പദ്ധതി പൂർത്തീകരിച്ചു. 3. ജി.യു.പി.എസ്. അരിയല്ലൂർ, സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം, 7ലക്ഷം രൂപ, പദ്ധതി പൂർത്തീകരിച്ചു. 4. അത്താണിക്കൽ പബ്ലിക് ഹെൽത്ത് സെന്റർ പുതിയ കെട്ടിട നിർമ്മാണം, 80ലക്ഷം രൂപ, പദ്ധതി പൂർത്തീകരിച്ചു 5. സി.ബി.എച്ച്.എസ്.എസ്, വള്ളിക്കുന്ന് സ്കൂളിലെ 11 മത്സ്യത്തൊഴിലാളി വിദ്യാർത്ഥി നികൾക്ക് സൗജന്യമായി സൈക്കിൾ വിതരണം ചെയ്തു. 6. എ.പി.എച്ച്.എസ്.എസ്. അരിയല്ലൂർ സ്കൂളിലെ 273 മത്സ്യത്തൊഴിലാളി വിദ്യാർത്ഥിനികൾക്ക് സൗജന്യമായി സൈക്കിൾ വിതരണം ചെയ്തു. കിഫ്ബി പദ്ധതികൾ - 1. ജി.എൽ.പി.എസ്. വള്ളിക്കുന്ന് പുതിയ കെട്ടിടം നിർമ്മാണം, 60.27 ലക്ഷം രൂപ, പദ്ധതി പുരോഗമിക്കുന്നു. 2. ജി.യു.പി.എസ്. അരിയല്ലൂർ പുതിയ കെട്ടിടം നിർമ്മാണം, 185.96ലക്ഷം രൂപ, പദ്ധതി പുരോഗമിക്കുന്നു. |
| (ബി) | വള്ളിക്കുന്ന് പഞ്ചായത്തിലെ അരിയല്ലൂർ മിനി സ്റ്റേഡിയം പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ വഴി തയ്യാറാക്കിയ പ്രപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ അരിയല്ലൂർ സ്റ്റേഡിയം വിവിധ കളി ഗ്രൗണ്ടാക്കാനുതകുന്ന രീതിയിൽ നവീകരിക്കുന്നത് സംബ ന്ധിച്ച് കെ.എസ്.സി.എ.ഡി.സി. ഉദ്യോഗസ്ഥർ ടി സ്ഥലം സന്ദർശിക്കുകയും പ്രസ്തുത സ്ഥലത്ത് വോളിബോൾ, ഷട്ടിൽ കോർട്ട്, സെവൻസ് ഫുട്ബോൾ കോർട്ട്, |

| | | | |
|---|---|---|---|
| | | | ടോയ് ലറ്റ്, ഡ്രസ്സിംഗ് റൂം മുതലായവ നിർമ്മിക്കുന്നതിന് ലഭ്യമായ സ്ഥലം പര്യാപ്തമല്ലാത്തതിനാലും ആയതിനോട് ചേർന്ന് മറ്റ് സ്ഥലമൊന്നും ഇല്ലാത്തതിനാലും ലഭ്യമായിട്ടുള്ള സ്ഥലത്ത് മണ്ണ് ഫില്ലിംഗ് നടത്തി ഗ്രൗണ്ട് നവീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ